**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ പൂർണ്ണരൂപത്തിൽ ലഭ്യമാക്കാമോ; ഏതൊക്കെ വകുപ്പുകളെ ഉൾപ്പെടുത്തിയാണ് ഏകജാലക സംവിധാനം ആരംഭിക്കുന്നത്; | (എ) | 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ ത്രിതല ഏകജാലക ബോർഡുകൾ രൂപീകരിച്ചിരുന്നു. സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ്, ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ്, വ്യവസായ ഏരിയ ബോർഡ് എന്നിങ്ങനെയാണ് സംസ്ഥാനത്ത് വ്യവസായ ഏകജാലക ബോർഡുകൾ രൂപീകരിച്ചിരിക്കുന്നത്. ഇതിൻപ്രകാരം വ്യവസായ അനുമതികൾക്കുള്ള അപേക്ഷ ലഭിച്ച് 45 ദിവസങ്ങൾക്കുള്ളിൽ അനുമതി ലഭ്യമാക്കേണ്ടതാണ്. ഈ സ്ഥിതി നിലനിൽക്കെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. പൂർണ്ണനിലക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കെസ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായികൾക്കുള്ള വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെന്റർ പ്രവർത്തിച്ചു വരുന്നു. |
| (ബി) | നിലവിൽ എത്ര വകുപ്പുകൾ ഏകജാലക പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്; | (ബി) | നിലവിൽ സർക്കാറിന്റെ 21 വകുപ്പുകളും എജൻസികളും അവരവരുടെ അനുമതികളുൾപ്പടെയുള്ള വിവിധ സേവനങ്ങൾ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കിവരുന്നു. കൂടുതൽ വകുപ്പുകളുടെ കൂടുതൽ സേവനങ്ങൾ കെ-സ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഏത് കമ്പനിയുടെ സോഫ്റ്റ്‌വെയർ സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്തുകയെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാറിന്റെ വിവര സാങ്കേതിക മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻഫോർമാറ്റിക്സ് സെൻറർ (NIC) ആണ് കെ-സ്വിഫ്റ്റ് സോഫ്റ്റ് വെയർ രൂപകല്പന ചെയ്തതും അത് കൈകാര്യം ചെയ്യുന്നതും. |

സെക്ഷൻ ഓഫീസർ